# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.3173

20.12.2012-ൽ മറുപടി
നൽകേണ്ടിയിരുന്നത്

### വഴുവാടിക്കടവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, മാവേലിക്കര അസംബ്ലി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അച്ചൻകോവിലാറിന് കുറുകെ ബുധനൂർ പഞ്ചായത്ത് അതിർത്തിയിൽ നിന്നും മാവേലിക്കര മുനിസിപ്പാലിറ്റിയിലേക്ക് പ്രവേശിക്കുന്ന വഴുവാടിക്കടവ് പാലം നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ; | (എ). | വഴുവാടിക്കടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി). | പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ സ്കെച്ചിന്റെയും പ്ലാനിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ ; നിലവിലെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വിശദമാക്കുമോ ; | (ബി). | പ്രസ്തുത നിർമ്മാണത്തിന്റെ 2012-ലെ പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സ്കെച്ചും പ്ലാനും ഉള്ളടക്കം ചെയ്യുന്നു. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള കാലതാമസം വിശദമാക്കുമോ; കാലതാമസം ഒഴിവാക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | ഭൂമി-ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. സ്ഥലം ഇതേവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. കൂടാതെ പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും പുതുക്കിയ ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി വരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ